Malayala Manorama 10-08-18, P-13

# റബർ കാർഷിക ഉൽപന്നമായി പരിഗണിച്ച് ആനുകൂല്യം നൽകണമെന്നു കേരളം

**മനോരമ ലേഖകൻ**

തിരുവനന്തപുരം● സ്വാഭാവിക റബറിനെ കാർഷിക ഉൽപന്നമായി കണക്കാക്കി കൃഷിക്കുള്ള എല്ലാ സംരക്ഷണവും ആനുകൂല്യങ്ങളും റബർ കർഷകർക്കു ലഭ്യമാക്കണമെന്നു കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടു.

സ്വാഭാവിക റബറിനെയും എംഎസ്പി പട്ടികയിൽ ഉൾപ്പെടുത്തുക, സംസ്ഥാനത്തു നടപ്പാക്കിക്കൊണ്ടിരിക്കുന്ന റബർ പ്രൊഡക്ഷൻ ഇൻസന്റീവ് പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50:50 വിഹിതത്തോടു കൂടി രാജ്യവ്യാപകമായി വ്യാപിപ്പിക്കുക തുടങ്ങിയ നിർദേശങ്ങളും ഇതോടൊപ്പമുണ്ട്. വിലയിടിവ് ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദേശിക്കുന്നതിനുമായി രൂപീകരിച്ച ടാസ്ക് ഫോഴ്സ് ഓൺ റബർ സെക്ടർ കേന്ദ്രത്തിനു സമർപ്പിച്ച റിപ്പോർട്ടിലാണു സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തിയതെന്നു മന്ത്രി വി.എസ്. സുനിൽകുമാർ അറിയിച്ചു.

റബർ കാർഷിക വിളയായി പരിഗണിക്കുക, ഇറക്കുമതി നയങ്ങളിൽ കർഷകരുടെ



സഹകരണം ഉറപ്പാക്കുക തുടങ്ങിയ നിർദേശങ്ങളടങ്ങിയ ഡ്രാഫ്റ്റ് നാഷനൽ റബർ പോളിസിയും ഇതോടൊപ്പം കേന്ദ്രത്തിനു കൈമാറിയിട്ടുണ്ട്.

## സുപ്രധാന നിർദേശങ്ങൾ :

- പുതുകൃഷിക്കും റീ പ്ലാന്റിങ്ങിനും സബ്സിഡിയും മതിയായ ബജറ്റ് വിഹിതവും ഉറപ്പാക്കുക.
- കേരളമുൾപ്പെടെയുള്ള പരമ്പരാഗത മേഖലകളിൽ 1.5 ലക്ഷവും മറ്റിടങ്ങളിൽ ഹെക്ടറിനു 1.75 ലക്ഷവും സബ്സിഡി.
- ഇറക്കുമതി നിയന്ത്രണങ്ങൾ തുടരുക, ഇറക്കുമതി തീരുവ 25% അല്ലെങ്കിൽ 30രൂപ. ഏതാണു കുറവ് എന്നതിൽ കുറയ്ക്കാതിരിക്കുക.
- റോഡ് റബറൈസേഷൻ പ്രോൽസാഹിപ്പിക്കുക.
- ഉൽപാദനത്തിന്റെയും കയറ്റുമതി, ഇറക്കുമതി എന്നിവയുടെയും വിവരം കുറ്റമറ്റ രീതിയിൽ പ്രസിദ്ധീകരിക്കുക.